LIBRARY ARCHIVES Kerala Legislative Assembly

സാമൂഹിക മൂല്യങ്ങൾ

(1) പാഠം 2 – കൊള്ളാം കൊള്ളാം പെയ്യട്ടെ
(2) പാഠം 4 – വെള്ളം വെള്ളം സർവ്വത്ര
(3) പാഠം 5 – വിത്തും കൈക്കോട്ടും
(4) പാഠം 8 – അക്കിടി പറ്റിയ കുഞ്ഞവറാൻ
(5) പാഠം 12 – രൂപങ്ങൾ
(6) പാഠം 19 – എന്റെ ഗ്രാമം

സാംസ്കാരിക മൂല്യങ്ങൾ

(1) പാഠം 15 – വസ്ത്രങ്ങൾ എന്തെല്ലാം തരം
ദേശീയത
(1) പാഠം 19 – എന്റെ ഗ്രാമം.
(2) പാഠം 21 – എന്റെ വീട് എന്റെ നാട്

മിന്നാമിന്നി – (നാലാം ക്ലാസ്സ്)

സാന്മാർഗ്ഗിക മൂല്യങ്ങൾ

(1) പാഠം 8 – മരം ഒരു വരം
(2) പാഠം 16 – അമ്മയും കുഞ്ഞും

സാമൂഹിക മൂല്യങ്ങൾ

(1) പാഠം 5 – ഈച്ചയെ നാടു കടത്തു
(2) പാഠം 6 – സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
(3) പാഠം 8 – മരം ഒരു വരം

സാംസ്കാരിക മൂല്യങ്ങൾ

(1) പാഠം 11 – എത്രയെത്ര തൊഴിലുകൾ
(2) പാഠം 21 – എന്റെ സംസ്ഥാനം കേരളം
(3) പാഠം 25 – ഇൻഡ്യ എന്റെ രാജ്യം

ദേശീയത

(1) പാഠം 14 – നമ്മെ ഭരിക്കും നാം തന്നെ
(2) പാഠം 19 – എന്റെ നാട്ടിലേക്ക്
(3) പാഠം 21 – എന്റെ സംസ്ഥാനം കേരളം
(4) പാഠം 25 – ഇൻഡ്യ എന്റെ രാജ്യം

42 (1256) പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99, 1999-2000 അദ്ധ്യയനവർഷങ്ങളിൽ എത്ര പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(ബി) ഇപ്പോൾ ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന പി.പി.ടി.ടി.ഐ.കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഈ സ്ഥാപനങ്ങളിലെല്ലാംകൂടി എത്ര വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്നുണ്ട്;

(ഡി) ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ഇ) പട്ടിക/പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യങ്ങളും സ്കോളർഷിപ്പും നൽകാനുണ്ടോ; എങ്കിൽ എത്ര നാളത്തെ കുടിശ്ശികയുണ്ടെന്നും അവ എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1998-99 അദ്ധ്യയന വർഷത്തിൽ രണ്ടു പുതിയ പി.പി.ടി.ടി.ഐ.കൾക്ക് താൽക്കാലിക അംഗീകാരം കൊടുത്തു. 19 പി.പി.ടി.ടി.ഐ.കൾക്ക് താൽക്കാലികാംഗീകാരം നീട്ടിക്കൊടുത്തു. 1998-2000 അദ്ധ്യയനവർഷത്തിൽ ഇതുവരെ 10 പി.പി.ടി.ടി.ഐ.കൾക്ക് താൽക്കാലിക അംഗീകാരം നീട്ടിക്കൊടുത്തിട്ടുണ്ട്.

(ബി)

തിരുവനന്തപുരം	-	5
കൊല്ലം	-	7
പത്തനംതിട്ട	-	4
ആലപ്പുഴ	-	2
കോട്ടയം	-	2
ഇടുക്കി	-	ഇല്ല
എറണാകുളം	-	4
തൃശ്ശൂർ	-	1
പാലക്കാട്	-	1
മലപ്പുറം	-	4
കോഴിക്കോട്	-	3
വയനാട്	-	ഇല്ല
കണ്ണൂർ	-	1
കാസർഗോഡ്	-	ഇല്ല

(സി) ഈ അദ്ധ്യയനവർഷത്തിൽ 1345 കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഫീസ് ആനുകൂല്യങ്ങളും സ്കോളർഷിപ്പും ഓരോ വർഷവും നൽകുന്നുണ്ട്. കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

43 (1257) പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും വിതരണം ചെയ്യുന്നതിലും നിലനിൽക്കുന്ന കാലതാമസത്തെക്കുറിച്ച് വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് വീഴ്ചകൾ വന്നിട്ടില്ല.

(സി)&(ഡി) പരാതി പരിഹരിച്ച് ഇതിനകം പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പാഠപുസ്തകങ്ങളിൽ വേണ്ടിവരുന്ന തിരുത്തലുകളും മാറ്റങ്ങളും കാലതാമസം കൂടാതെ നടത്തുവാനും പുതുതായി ഏർപ്പെടുത്തുന്ന ആറു ഡി.പി.ഇ.പി. ജില്ലകളിലേയ്ക്കാവശ്യമുള്ള പാഠപുസ്തകങ്ങളുടെ രചനയും ആവിഷ്കാരവും പൂർത്തിയാക്കി നവംബർ മാസത്തിൽ തന്നെ അവയുടെ സ്ക്രിപ്റ്റ് അച്ചടിക്ക് നൽകുവാനും ഉള്ള കർശനനിർദ്ദേശം ബന്ധപ്പെട്ടവർക്ക് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി നൽകിയിട്ടുണ്ട്.

44 (1258) പാഠപുസ്തകങ്ങളുടെ വിതരണം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പാഠപുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് യഥാസമയം അച്ചടിച്ച് എത്തിക്കാൻ കഴിയാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) പാഠപുസ്തങ്ങൾ യഥാസമയം എത്തിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly